# വെളിപ്പാടുപുസ്തകപഠനം-2

# യേശുക്രുസ്തുവിന്റെ വെളിപ്പാട്;

# എഴുത്തുകാരനായി യോഹന്നാൻ

## പാസ്റ്റർ സി.വി. ആൻഡ്രൂസ്

വെളിപ്പാടുപുസ്തകത്തെ മൂന്നു ഭാഗങ്ങളായി തരിച്ച് പഠിക്കാം. ദൈവത്തിന്റെ പരിശുദ്ധാത്മാവു തന്നെ അതിനെ മൂന്നു ഭാഗമായി തിരിച്ചിട്ടുണ്ട്. ''നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനിരിക്കുന്നുതും'' (1/19) എന്നു മൂന്നു കാലങ്ങളുടെ അടിസ്ഥാനത്തിലാണ് പരിശുദ്ധാത്മാവ് ഈ ഗ്രന്ഥത്തെ വിഭാഗിച്ചിരിക്കുന്നത്.

**1. നീ കണ്ടത്:** അതാണ് ഒന്നാം അധ്യായം 13 മുതൽ 18 വരെയുള്ള വാക്യങ്ങളിലുള്ള ക്രിസ്തുവിന്റെ അംഗവർണനയും ആളത്വദർശനവുമാണ് 'നീ കണ്ടത്' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

**2. ഇപ്പോൾ ഉള്ളത്:** രണ്ട്, മൂന്ന് അധ്യായങ്ങളിലുള്ള കാര്യങ്ങളെ ഉദ്ദേശിച്ചിരിക്കുന്നു. നിലവിലുള്ള ഏഴു സഭകൾക്കുള്ള ദൂതുകളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. (ചിത്രം: പത്മോസ് ദ്വീപ്: ഒരു ആകാശവീക്ഷണം)

**3. ഇനി സംഭവിപ്പാനിരിക്കുന്നത്:** വെളിപ്പാട് പുസ്തകം നാലു മുതൽ 22 വരെയുള്ള അധ്യായങ്ങളെ അതായത്, കർത്താവിന്റെ വരവും തുടർന്നുള്ള സംഭവങ്ങളുമാണ് ഇനി സംഭവിപ്പാനിരിക്കുന്നത് എന്നതിൽ അർത്ഥമാക്കുന്നത്.

ഒന്നാം അധ്യായത്തിൽ മഹത്വീകരിക്കപ്പെട്ട യേശുക്രിസ്തുവിന്റെ അംഗവർണനയും മഹത്വപൂർണ്ണമായ ആളത്വവും ദർശിക്കുന്നു. രണ്ടും മൂന്നും അധ്യായങ്ങളിൽ ക്രിസ്തു മഹാപുരോഹിതനായി സഭയുടെ നടുവിൽ ശുശ്രൂഷിക്കുന്നു. നാലും അഞ്ചും അധ്യായങ്ങളിൽ അറുക്കപ്പെട്ട കുഞ്ഞാടിനെ ആരാധനയ്ക്ക് യോഗ്യനായി സ്വർഗ്ഗത്തിൽ കാണുന്നു. ആറുമുതൽ പത്തൊമ്പത് വരെയുള്ള അധ്യായങ്ങളിൽ ക്രുസ്തു ന്യായാധിപനായി കാണപ്പെടുന്നു. ഇരുപതു മുതൽ ഇരുപത്തിരണ്ടു വരെയുള്ള അധ്യായങ്ങളിൽ ക്രിസ്തുവിനെ കർത്താധികർത്താവും രാജാധിരാജാവും ആയി കാണുന്നു.

യോഹന്നാൻ ഈ ദൂതുകൾ എഴുതുന്ന കാലയളവിൽ ഈ ഏഴു സഭകളെ കൂടാതെ ചെറുതും വലുതുമായ പല സഭകളും ആസ്യയിൽ (ഏഷ്യയിൽ) ഉണ്ടായിരുന്നു. എന്നാൽ എന്തുകൊണ്ട് ഈ ഏഴു സഭകളെ മാത്രം യോഹന്നാൻ തെരഞ്ഞെടുത്തു എന്നുള്ളത് അറിഞ്ഞിരിക്കേണ്ട് വിഷയം ആണ്. വെളിപ്പാടുപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന എഫെസോസ്, സ്മുർണ, പെർഗ്ഗമോസ്, തുയഥൈര, സർദ്ദീസ്, ഫിലദെൽഫ്യ, ലവോദിക്യ എന്നീ ഏഴു സഭകൾ സദാകാലയളവിലുമുള്ള സഭകളെ പ്രതിനിധീകരിക്കുന്നു. പെന്റക്കൊസ്റ്റുനാളിലാണ് സഭ ആരംഭിച്ചത്. അന്നു മുതൽ കർത്താവിന്റെ വരവുവരെയുള്ള ഏഴു കാലഘട്ടങ്ങളെ ഈ ഏഴു സഭകൾ

പ്രതിനിധീകരിക്കുന്നു. അത് രണ്ടും മൂന്നും അധ്യായങ്ങൾ പഠിക്കുമ്പോൾ വിശദീകരിക്കാം.

ഈ ദർശനം കാണുന്ന സമയത്ത് യോഹന്നാൻ നാലു പ്രാവശ്യം ആത്മാവിലായി എന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്നു. ആത്മനിറവിൽ ആണ് യോഹന്നാൻ ഈ പുസ്തകം എഴുതിയത്. 1:10 ൽ കർതൃദിവസത്തിൽ ഞാൻ ആത്മവിവശനായി. ഒന്നാം പ്രാവശ്യം ആത്മാവിലായപ്പോൾ ക്രിസ്തുവിനെക്കുറിച്ചുള്ള ദർശനമാണ് അദ്ദേഹം കാണുന്നത്. രണ്ടാം പ്രാവശ്യം ആത്മാവിലാകുന്നത് 4:2 ൽ ആണ്. നാലാം അധ്യായം ഒന്നും രണ്ടും വാക്യങ്ങളിൽ കർത്താവിന്റെ വരവും സഭയുടെ ഉത്പ്രാപണവുമാണ് കാണുന്നത്. ആ കാഴ്ച കാണുമ്പോൾ യോഹന്നാൻ ആത്മാവിലായി. മൂന്നാം പ്രാവശ്യം യോഹന്നാൻ ആത്മാവിലാകുന്നത് 17:3 ൽ ആണ്. ''അവൻ എന്നെ ആത്മാവിൽ മരുഭൂമിയിലേക്കു കൊണ്ടുപോയി''. മൂന്നാം പ്രാവശ്യം അദ്ദേഹം ആത്മാവിലാകുമ്പോൾ അന്തിക്രിസ്തുവിന്റെ മണവാട്ടിയെ കാണുന്നു. നാലാം പ്രാവശ്യം 21:10 ൽ ആത്മാവിലാകുന്നതു കാണാം. ''അവൻ എന്നെ ആത്മവിവശതയിൽ ഉയർന്നൊരു വന്മലയിൽ കൊണ്ടുപോയി''. ഇവിടെ യോഹന്നാൻ കാണുന്നത് യേശുക്രിസ്തുവിന്റെ മണവാട്ടിയെയാണ്. ഇങ്ങനെ വെളിപ്പാടു യോഹന്നാനു ലഭിക്കുമ്പോഴും അത് എഴുതുമ്പോഴും അദ്ദേഹം നാലുതവണ ആത്മവിവശതയിലായി എന്ന് കാണുന്നു. അതിനാൽ വെളിപ്പാടുപുസ്തകം നാം പഠിക്കുമ്പോഴും ആത്മനിറവിൽ പഠിക്കുവാൻ ഉത്സാഹിക്കണം.

ഈ പുസ്തകം മറ്റു പ്രവചനങ്ങളിൽനിന്നും വ്യത്യസ്തമാണ്. കാരണം ഇത് നാം അവസാനംവരെ കാത്തുകൊള്ളുവാനുള്ളതാണ്. ഈ പ്രവചനം വിശുദ്ധമാകയാൽ ആർക്കും അതിനോടു കൂട്ടിച്ചേർക്കുവാനോ കുറയ്ക്കുവാനോ അവകാശമില്ല. ഇതിനോടു കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നവൻ ശപിക്കപ്പെട്ടവനാണ്, എന്നാൽ അത് കാത്തുകൊള്ളുന്നവൻ അനുഗ്രഹിക്കപ്പെടും (22:18,19).

## എഴുത്തുകാരനായ യോഹന്നാൻ

വെളിപ്പാടുപുസ്തകത്തിന്റെ എഴുത്തുകാരൻ അപ്പൊസ്തൊലനായ യോഹന്നാൻ ആകുന്നു. ഈ അപ്പൊസ്തൊലൻ എഴുതിയ മറ്റ് പുസ്തകങ്ങളാണ് 'യോഹന്നാന്റെ സുവിശേഷം, ഒന്നും രണ്ടും മൂന്നും ലേഖനങ്ങൾ, വെളിപ്പാടുപുസ്തകം എന്നിവ.

യോഹന്നാൻ സുവിശേഷം എഴുതുമ്പോൾ തന്നെക്കുറിച്ചുള്ള പ്രസ്താവന ഒഴിവാക്കുവാൻ ശ്രമിച്ചു. 'യേശു സ്നേഹിച്ച ശിഷ്യൻ' എന്ന് ഏകദേശം അഞ്ചു തവണ യോഹന്നാന്റെ സുവിശേഷത്തിൽ ഉണ്ട്. ആ ശിഷ്യൻ യോഹന്നാൻ ആണ്. എന്നാൽ അതിൽ തന്റെ പേര് എഴുതിയില്ല. 'യേശു ഏറ്റവും കൂടുതൽ സ്നേഹിച്ച ഒരു ശിഷ്യൻ' എന്നെഴുതി യോഹന്നാൻ തന്നെത്താൻ മറയ്ക്കുവാൻ ശ്രമിച്ചു. എന്നാൽ, വെളിപ്പാടു പുസ്തകത്തിൽ തന്നെ വെളിപ്പുടുത്തുന്നതിന് അദ്ദേഹം മടിക്കുന്നില്ല.

''തന്റെ ദാസനായ യോഹന്നാനു പ്രർശിപ്പിച്ചു'' എന്ന് വെളിപ്പാട് 1:1 ൽ കാണുന്നു. യോഹന്നാൻ ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത് എന്ന് 1:4ൽ യോഹന്നാൻ തന്നെ പറഞ്ഞിരിക്കുന്നു. ''നിങ്ങളുടെ സഹോദരനും യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും കൂട്ടാളിയുമായ യോഹന്നാൻ എന്ന ഞാൻ'' എന്നു തന്നെക്കുറിച്ച് വ്യക്തമായി പറഞ്ഞിരിക്കുന്നു. ''ഇതു കേൾക്കുകയും കാണുകയും ചെയ്തത യോഹന്നാൻ എന്ന ഞാൻ തന്നെ'' (22:8).

വളരെ വ്യക്തമായ ഈ തെളിവുകളുടെ വെളിച്ചത്തിൽ ഞാൻ കണ്ടു, ഞാൻ നോക്കി, ഞാൻ പറഞ്ഞു എന്നീ പദങ്ങൾ എല്ലാം ശ്രദ്ധിക്കുക.

പിതാവും പുത്രനും പരിശുദ്ധാത്മാവും യോഹന്നാനോടു നേരിട്ടു പറയുന്നുണ്ടല്ലോ. 1:11, 19:9, 21:5. ഓരോ അധ്യായങ്ങളും ശ്രദ്ധയോടെ വായിച്ചാൽ കണ്ടതും, പറയുന്നതു കേട്ടതുമായ നേരിട്ടുള്ള പ്രസ്താവനകളും ധാരാളമായി കാണാം.

വേദപുസ്തകത്തിലെ പല പുസ്തകങ്ങളും എഴുത്തുകാർ നേരിട്ടല്ല എഴുതിയത്. എഴുത്തുകാരെ ഇരുത്തി എഴുതുകയായിരുന്നു. ഉദാഹരണം: റോമ 1:1, 16:22. റോമാ ലേഖനം പൗലോസിന്റേതാണ്. എന്നാൽ അത് എഴുതിയത് തെർത്തോസ് ആകുന്നു. (റോമർ 16:22). എന്നാൽ, വെളിപ്പാടുപുസ്തകം യോഹന്നാൻ തന്നെ, കൈയിൽ എഴുത്തുകോലും പുസ്തകവും എടുത്ത് എഴുതുകയായിരുന്നു. 10:4ൽ ഞാൻ എഴുതുവാൻ ഭാവിച്ചു എന്ന് പറഞ്ഞിരിക്കുന്ന പ്രസ്താവന ശ്രദ്ധിക്കുക. വെളിപ്പാടു പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ചില തെളിവുകൾ വീണ്ടും ശ്രദ്ധിക്കുക: 1:11. 2:1,8,12,18. 3:1,7,14. 4:1,2. 5:1,4,5. 6:1,2,3,5,6,8,9. 7:1,4,9,13,14. 8:2,13. 9:1,14,16. 10:1,4,8–11. 11:1. 12:10, 13:1,3,11. 14:1,2,6,13,14. 15:1,2,5. 16:1,5,7,13. 17:1,3,6,7,8,15,16,18. 18:1,4. 19:1,6,9–11,17,19. 20:1,4,11. 21:1–5,9,10,15. 22:1,6,9,10. ഈ വാക്യങ്ങൾ എല്ലാം വായിച്ചാൽ 'എഴുതുക', 'ഞാൻ കണ്ടു', 'ഞാൻ നോക്കി', 'ഞാൻ കേട്ടു', 'എന്നോടു കൽപ്പിച്ചു', 'ഞാൻ ആത്മവിവശതയിലായി' എന്നിങ്ങനെയുള്ള പദങ്ങൾ കാണുവാൻ കഴിയും. ഇതിൽനിന്നെല്ലാം ശക്തമായി തെളിയുന്നത് യോഹന്നാൻ നേരിട്ട് എഴുതുകയായിരുന്നു ഈ ഗ്രന്ഥം എന്നാണ്. എന്നാൽ ഇത് യേശുക്രിസ്തുവിന്റെ വെളിപ്പാടാണ്. ഇതിന്റെ ഗ്രന്ഥകർത്താവ് നമ്മുടെ കർത്താവായ യേശുക്രിസ്തു ആണ്. യോഹന്നാൻ വെറും എഴുത്തുകാരൻ മാത്രം!